പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.-*395 27.06.2013 ലെ മറുപടിയ്ക്ക്.

**പ്രൈവറ്റ് രജിസ്ട്രേഷൻനിർത്തലാക്കൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി സുധാകരൻ<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ഡോ. കെ. ടി. ജലീൽ<br>ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>*(ഉന്നത വിദ്യാഭ്യാസ വകുപ്പു മന്ത്രി)* |

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ രംഗത്തുനിന്നും സർക്കാർ പടിപടിയായി പിൻമാറുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഈ മേഖലയിൽ തുടർച്ചയായി വരുന്ന പരിഷ്കാരങ്ങൾ പ്രസ്തുത നയത്തിന്റെ ഭാഗമാണോ; | (എ) | ഇല്ല |
| (ബി) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ബിരുദ-ബിരുദാനന്തര പഠനങ്ങൾക്കുള്ള നിലവിലുള്ള പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കുന്നത് സംബന്ധിച്ച് സർക്കാർ നയം എന്താണ് ; വ്യക്തമാക്കാമോ; | (ബി) | പ്രൈവറ്റ് രജിസ്ട്രേഷൻ സംബന്ധിച്ച തീരുമാനം സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തിൽ പ്പെട്ടതാണ്. സർക്കാരല്ല സർവ്വകലാശാലകളാണ് ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടുള്ളത്. |
| (സി) | കേരള സർവ്വകലാശാലയിൽ ബി.എ. (ഇംഗ്ലീഷ്) പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയുള്ള പഠനം നിർത്തലാക്കാൻ തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ തലത്തിലുള്ള എന്തെങ്കിലും ഇടപെടൽ ഉണ്ടായിട്ടുണ്ടോ; | (സി)<br>(ഡി) | ഉണ്ട്. കേരള സർവ്വകലാശാല 2013-14 അദ്ധ്യയന വർഷം മുതൽ ബി.എ. ഇംഗ്ലീഷ് പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കിയിട്ടുണ്ട്. ഈ കോഴ്സ് വിദൂര വിദ്യാഭ്യാസത്തിന് കീഴിൽ പുന: സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഈ തീരുമാനം വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കും എന്നു സർക്കാർ കരുതുന്നില്ല. |
| (ഡി) | കേരളത്തിനകത്തും പുറത്തുമുള്ള സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളാണ് സ്വകാര്യ രജിസ്ട്രേഷൻ വഴി പഠനം നടത്തുന്നതെന്ന് അറിവുള്ളതാണോ; | | |
| (ഇ) | സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് | (ഇ) | |

| | | | |
|---|---|---|---|
| | ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ് പ്രസ്തുത പരിഷ്കാരങ്ങൾ എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ഇല്ല |
| (എഫ്) | നിർദ്ധനരായ വിദ്യാർത്ഥികളുടെ ഉപരിപഠനത്തെ പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത തീരുമാനം പുന:പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | സർവ്വകലാശാലകളുടെ അക്കാഡമിക് സ്വയംഭരണ വിഷയങ്ങളിൽ ഇടപെടുന്നത് ഉചിതമാണെന്ന് സർക്കാർ കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ